# മഹത്വം പൊയ്പോയാൽ

മനുഷ്യനിലെ ദൈവസാദൃശ്യമാണ് അവന്റെ മഹത്വം. പാപം മൂലം മനുഷ്യനിലെ ദൈവസ്വഭാവം വികലമാക്കപ്പെടുമ്പോൾ അവൻ മൃഗസമാനനായി ഭവിക്കുന്നു. പക്ഷെ, തന്റെ മഹത്വവാഹിയായ മനുഷ്യൻ വികൃതനായിപ്പോകാതിരിക്കാൻ, അവനെ വീണ്ടെടുക്കുന്നതിന് എപ്പോഴും ആഗ്രഹിക്കുന്ന ദൈവം സൂര്യോദയംമുതൽ അസ്തമനം വരെയും അവനെ തന്റെയടുത്തേയ്ക്ക് മാടി വിളിക്കുന്നു. തിന്മയുടെ കലർപ്പില്ലാത്ത മനുഷ്യസ്വഭാവം ദൈവമഹത്വത്തെ വഹിക്കുന്ന മഹിതസ്ഥിതി അദ്വിതീയമാണ്.

ആ മഹത്വം മനുഷ്യനിൽ കുറഞ്ഞുവരുമ്പോൾ അവൻ എല്ലാവിധ ദുഃഖങ്ങൾക്കും, സംശയങ്ങൾക്കും ദൗർഘടങ്ങൾക്കും പാത്രമായി മാറുന്നു.

ആത്മീകതയുടെ പുറംതോടിനുള്ളിൽ കഴിയുന്നവർ വെറും നാമമാത്ര ക്രിസ്ത്യാനികളായി മാറിയാൽ അവർ അവർക്കു തന്നെയോ സഭയ്ക്കോ യാതൊരു പ്രയോജനവും വരുത്തുകയില്ല. യഹോവയുടെ പെട്ടകം, ഫെലിസ്ത്യർ പിടിച്ചെടുത്തുകൊണ്ടുപോയപ്പോഴാണ് 'മഹത്വം യിസ്രായേലിൽ നിന്നു പൊയ്പ്പോയി' എന്ന് ഏലിയുടെ മരുമകൾ വിലപിക്കുന്നത്. യഹോവയുടെ പെട്ടകമില്ലാത്ത യിസ്രായേൽ വെറും ചണ്ടിയാണ്, ആത്മാവില്ലാത്ത ശരീരംപോലെ. യഹോവയുടെ തിരുസാന്നിദ്ധ്യവും കാവലും വിളിച്ചറിയിച്ചിരുന്ന പവിത്രപേടകം അവർ നിധിപോലെ സൂക്ഷിച്ചിരുന്നു. ശത്രുക്കളിൽനിന്നും അതുമൂലം രക്ഷപെടാനാണ് അവർ അതു യുദ്ധരംഗത്തേയ്ക്കു കൊണ്ടുവന്നതും. എന്നാൽ അവരുടെ പ്രവൃത്തികൾ യഹോവയ്ക്ക് അനിഷ്ടമുണ്ടാക്കിയതിനാൽ നിലതിന്റെയെല്ലാം ഭവനക്കാരും, ആലോചനക്കാരും, സാക്ഷികളുമായി മാറുമ്പോൾ അവർ മഹത്വം പൊയ്പ്പോയി ശത്രുവിന്റെ പല്ലുകൾക്കിടയിൽ അകപ്പെട്ട യിസ്രായേൽ പോലെയാണ്. ദൈവവിളിക്കു ചെവികൊടുത്തു് ഇറങ്ങിപ്പുറപ്പെട്ടവർ ലൗകീകമാനസരായി, സുഖസൗകര്യങ്ങളുടെ ആരാധകരായി പരിണമിക്കുമ്പോൾ അവർ ഏറെ മാതൃകാദോഷത്തിനും, സഭയുടെ പരിദേവനത്തിനും കാരണമായിത്തീരുന്നില്ലേ? ആത്മീകജീവിതം വ്രതമാക്കിയവർ മഹത്വവാഹികളായില്ലെങ്കിൽ അവർ സ്വയം വഞ്ചിക്കുകയാണ്, അന്യരേയും!

## ധ്യാനപീഠം

യമപെട്ടകത്തിന്റെ സാന്നിദ്ധ്യം അവർക്കു വിടുതൽ നല്കിയില്ല.

ദൈവവേലക്കാരും ദൈവഭവനക്കാരുമായി അറിയപ്പെടുന്നവർ ഈ അപകടസാദ്ധ്യതയെക്കുറിച്ച് ജാഗരൂകരായിരിക്കേണ്ടതാണ്. ദൈവത്തിന്റെ ജീവിക്കുന്ന സാക്ഷികളാകേണ്ടതിനു പകരം മററു ചി

**പ്രാർത്ഥന** ദൈവമെ, ലോകസ്നേഹവും സുഖാസക്തിയും നിമിത്തം ദൈവസാദൃശ്യത്താൽ ഞങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന മഹത്വം നഷ്ടപ്പെടുത്തുവാൻ ഞങ്ങൾക്കിടയാകരുതേ!

**ചിന്താവിഷയം** 1 ശമു. 4:22 'ദൈവത്തിന്റെ പെട്ടകം പിടിപെട്ടുപോയതുകൊണ്ടു് മഹത്വം യിസ്രായേലിൽ നിന്നു് പൊയ്പ്പോയി എന്നു് അവൾ പറഞ്ഞു.'

ഫാ. ജേക്കബ് ചെറിയാൻ

# വിശുദ്ധസഭ

### 5. കാതോലികവും വിശ്വാസ പ്രമാണങ്ങളും

പൗരസ്ത്യ സഭാവിശ്വാസ പ്രമാണങ്ങളിൽ കാതോലികമെന്ന വാക്ക് വളരെ പുരാതന കാലംമുതൽ ഉപയോഗിച്ചിരുന്നു അലക്സന്ത്രിയായിലെ അലക്സന്ത്രയോസ് എപ്പിസ്കോപ്പായുടെ വിശ്വാസ പ്രമാണത്തിൽ അതുണ്ടായിരുന്നു. (326 എ. ഡി ) യെരുശലേമിലെ കൂറിലോസ്, എപ്പിഫാനിയോസ് എന്നിവരുടെ വിശ്വാസപ്രഖ്യാപനങ്ങളിലും, നിഖ്യാവിശ്വാസപ്രമാണമെന്നു് സാധാരണ അറിയപ്പെടുന്ന നിഖ്യാ-കസ്തന്തീനോപോലീസ് വിശ്വാസപ്രമാണത്തിലും ഈ പദം കാണുന്നുണ്ട്. പടിഞ്ഞാറൻവിശ്വാസപ്രമാണത്തിൽ ആദ്യം അഞ്ചാം നൂററാണ്ടിലും, പിന്നീട് ആറാം നൂററാണ്ടിലും (Gallican creed) ഈ വാക്ക് പ്രയോഗിച്ചിട്ടുണ്ട്. അതിനു ശേഷം പാശ്ചാത്യവിശ്വാസ പ്രമാണങ്ങളിൽ ഇതു പരക്കെ പ്രയോഗിക്കുവാൻ തുടങ്ങി.

### എഡിറേറാറിയൽ

2–ാം പേജിൽനിന്നും തുടർച്ച

തികഞ്ഞ സാധ്യതയാണുള്ളത്.

ഇത്തരുണത്തിൽ കലാലയങ്ങളിൽ ഇപ്പോഴുള്ള തെരഞ്ഞെടുപ്പുപ്രവർത്തനശൈലി അതേപടി തുടരണമോ എന്നു് ബന്ധപ്പെട്ടവർ ചിന്തിക്കണമെന്നു് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കോളജു യൂണിയൻ തെരെഞ്ഞെടുപ്പിൽനിന്നും അതിന്റെ പ്രവർത്തനത്തിൽനിന്നും രാഷ്ട്രീയം പാടേ നിരോധിക്കണം. പക്ഷേ, സാധാരണനിലയിൽ ഏതെങ്കിലും സർക്കാർ അതു് ചെയ്യുമെന്നു് ചിന്തിക്കുന്നതു് തികഞ്ഞ മൗഢ്യമാവും. കലാലയങ്ങളിൽനിന്നും രാഷ്ട്രീയം പാടേ ഒഴിച്ചുനിർത്താനായി വിദ്യാഭ്യാസവിചക്ഷണൻമാരും, സാമൂഹ്യപ്രവർത്തകരും, ജനങ്ങളും ഒററക്കെട്ടായി മുമ്പോട്ടു വരേണ്ടിയിരിക്കുന്നു.


**ഓർത്തഡോക്സ് ഹെറാൾഡ്**

ശനിയാഴ്ചതോറും ദേവലോകം അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

**വരിസംഖ്യ മുൻകൂർ**

ഒരുവർഷം— 60രൂപാ
രണ്ടുവർഷം— 100രൂപാ

വിലാസം
ഓർത്തഡോക്സ് ഹെറാൾഡ്
ദേവലോകം അരമന
കോട്ടയം—686 038

Phone 0481-8234



**Chief Editor (Hon)**
Dr. Samuel Chandanappally
**Editor & Publisher**
Shebaly
**Associate Editor**
Fr. Issac Haripad
**Sub Editors**
Jacob Kochery
Sunil Kottoopallil
**Manager**
Fr. Raju Varghese
**Asst. Managers**
K.P. Jacob
A. J. George
**Field Officers**
Jacob K. Ramacha
Mammen Varghese
Jesse V. John

**Advisory Board**
Patron
H. H. Baselius Marthoma Mathews I
President
H. G. Geevarghese Mar Ivanios
Fr. Mathai Vilanilathu,
Fr. P.C. Geevarghese(USA)
Fr. Zachariah Perangattu.
Mr. P. J. Koshy (Bombay)
Mr.M.A.Abraham(Madras)
Mr M.G.George Muthoot (Delhi)
Mr. T. O. Jacob,
Mr. P. V. Job
Mr. P. P. Mathew
Mr. John Mathews
Mr. K. O. Kurian
Dr. K. P. Johny


# ഇവരെ പരിചയപ്പെടുക ഇവരുടെ പ്രാർത്ഥനകളും

കെ. ജോൺ മാത്യൂസ് തുമ്പമൺ

യാക്കോബിന്റെ മരണദിനം അടുക്കാറായപ്പോൾ മക്കൾക്ക് നൽകുന്ന അനുഗ്രഹങ്ങളിൽ യോസേഫിനു് നൽകുന്ന ആശിർവാദാക്ഷരങ്ങൾ, കവിതാമയവും തന്റെ മകന്റെ ജീവിതത്തെ വിലയിരുത്തിക്കൊണ്ടുള്ള മനോഹരമായ ഒരാസ്വാദനാവിഷ്കാരവു മാണ്. ഓരോ വാക്കിലും തന്റെ മകനെക്കുറിച്ചുള്ള അഭിമാനവും അവന്റെ പ്രവൃത്തികളിലുള്ള അഭിനന്ദനവും മുററി നിൽക്കുന്നതു് കാണാം.

'യോസേഫ് ഫലപ്രദമായൊരു വൃക്ഷം–അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു. വില്ലാളികൾ അവനെ വിഷമിപ്പിച്ചു. അവർ എയ്തു് അവനോടു പൊരുതി. പക്ഷേ അവന്റെ വില്ലു് ഉറപ്പോടെ നിന്നു. അവന്റെ ഭുജം യാക്കോബിൻ വല്ലഭൻകയ്യാൽ

## യോസഫ് ഫലപ്രദമായൊരു വൃക്ഷം

ബലപ്പെട്ടു. 'യിസ്രയേലിന്റെ പാറയായ' ഇടയന്റെ ബലത്താൽ തന്നെ. അവൻ മീതെ ആകാശത്തിന്റെ അനുഗ്രഹങ്ങളാലും താഴെ കിടക്കുന്ന ആഴത്തിന്റെ അനുഗ്രഹങ്ങളാലും അനുഗ്രഹിക്കപ്പെടും. മക്കളാലും, മൃഗങ്ങളാലും, പുഷ്പഫലസസ്യാദികളാലും നീ അനുഗ്രഹിക്കപ്പെടും. നിന്റെ പിതാവിന്റെ അനുഗ്രഹങ്ങൾ നിന്റെ സഹോദരങ്ങളുടെ അനുഗ്രഹങ്ങളുടെമീതെ ശാശ്വതഗിരികളുടെ അററത്തോളം പ്രബലപ്പെടും. അവ യോസേഫിന്റെ തലയിലും തന്റെ സഹോദരന്മാരിൽ പ്രഭുവായവന്റെ നെറുകയിലും ഇരിക്കും.'

അനുഗ്രഹം നൽകിക്കഴിഞ്ഞപ്പോൾ യാക്കോബ് സംതൃപ്തനായി. യോസേഫ് വിനയാന്വിതനായി. ജഗത്പിതാവിന്റെ നിയോഗം ഫലവത്തായതിൽ ഏവരും സന്തോഷിച്ചു ദൈവത്തെ മഹത്വപ്പെടുത്തി.

'യഹോവയെ കാത്തിരിക്കുന്നവൻ ശക്തിയെ പുതുക്കും. അവൻ കഴുകന്മാരെപോലെ

(ശേഷം 4-ാം പേജിൽ)


Manufacturers & exporters of fine jewellery
PRAKKAT JEWELLERS
PRAKKAT BUILDINGS
CENTRAL JUNCTION, KOTTAYAM
KERALA, INDIA 686 001
TELEPHONE 048[illegible] 4553








**PHOENIX**
A College of Arts
ADOOR

Classes for:–
M. A. & B. A. (HISTORY)
P. D. C. (III & IV Group)
D. C., P. D. C. English (Tuition & Session)

Director
P. Johnson M. A.

## കുസൃതി വെളിപ്പെടുത്തിയ ദുഃഖം

1—ാം പേജിൽനിന്നും തുടർച്ച

ശാസ്ത്രജ്ഞനുമായി ആലോചിച്ചു. (നിങ്ങൾ ചിന്തിച്ചേക്കാം അവന്റെ അച്ഛനും അമ്മയും എന്തുകൊണ്ട് ഒരു മനഃശാസ്ത്രജ്ഞനെ കണ്ടില്ലെന്ന്. അതുതന്നെയാണ് മനഃശാസ്ത്രജ്ഞനു കിട്ടിയ ഉത്തരം.) അവന്റെ അച്ഛനും അമ്മയും തമ്മിൽ എന്നും രാത്രി വഴക്കടിക്കും. എന്ന് വഴക്കിന്റെയും ബഹളത്തിന്റെയും വക്കാണത്തിന്റെയും വർദ്ധന ഉണ്ടാകുന്നുവോ അതിന്റെ പിറേറദിവസം അവന്റെ മാനസികനില തകരുന്നു. മനഃശാസ്ത്രജ്ഞൻ മാതാപിതാക്കൾക്കു താക്കീതു കൊടുത്തു. 'ഇങ്ങനെ മുന്നോട്ടുപോയാൽ അവൻ വളർന്നുവരുമ്പോൾ നിയന്ത്രിക്കാനാവാത്ത ക്രൂരത നിങ്ങളോടു കാട്ടും. നിങ്ങൾ അന്യോന്യം സന്തോഷത്തോടെ കഴിയുമെങ്കിൽ അവൻ മിടുമിടുക്കനായി വളർന്നു വരും.' (പ്രസിദ്ധ മനഃശാസ്ത്രജ്ഞനായ നോർമൻ എൽമൺഡിന്റെ കേസ് ഡയറിയിൽനിന്ന് എടുത്തെഴുതിയതാണീ സംഭവം) ശരിയല്ലേ, നമ്മൾ തന്നെ നമ്മളുടെ കുട്ടികളെ മാനസികരോഗികളാക്കുന്നു. സ്വന്തം അച്ഛനെ കുത്തിക്കൊന്ന ഒരു സംഭവം ഈ ലേഖകന്റെ അയൽപക്കത്തു നടന്നിട്ടുണ്ട്. മകൻ മാനസികരോഗിയായിരുന്നു. അച്ഛന്റെ ശരീരത്ത് ഏഴു കുത്തുകൾ. എത്രമാത്രം വലിയ പകയായിരുന്നു ആ മകന്റേത്? പകയുടെ കാരണം നിസ്സാരമായിരുന്നിരിക്കാം. എന്നാൽ വളരെക്കാലംകൊണ്ട് രൂപപ്പെട്ട മാനസികാവസ്ഥയിൽ നിന്നുമാത്രമേ അങ്ങനെയൊരു സംഭവം നടക്കൂ. ഇവിടെ അച്ഛനെ കൊന്ന മകനെ ന്യായീകരിക്കാൻ പ്രയാസമാണെങ്കിലും മനുഷ്യന്റെ മനസ്സിന് ഏതു നിമിഷവും മാററം സംഭവിക്കാം എന്ന് സമ്മതിക്കേണ്ടിവരുന്നു. അതിനു കടിഞ്ഞാണിടുവാൻ സാഹചര്യങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ശരിയായ അന്തരീക്ഷത്തിലേ നല്ല ജീവൻ സഫലമാകൂ. ആ അന്തരീക്ഷം സൃഷ്ടിക്കേണ്ടതു് ഒരു വ്യക്തിയല്ല. വ്യക്തികൾ കൂടുന്ന സമൂഹമാണ്. അവിടെയാണ് സ്വസ്ഥത ഓരോ വ്യക്തിക്കുമുണ്ടാകേണ്ടതു്. (തുടരും)

## സ്കൂൾ അദ്ധ്യാപക സമ്മേളനം

കോട്ടയം: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 26-ന് കോട്ടയം സ്റ്റുഡൻറ് സെൻററിൽ അദ്ധ്യാപകരുടെ ഏകദിനസമ്മേളനം നടന്നു. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു.

അർപ്പണബോധത്തോടും, വിശ്വസ്തതയോടും, നീതിനിഷ്ഠയോടുംകൂടി പ്രവർത്തിച്ചാൽ വിദ്യാർത്ഥികളുടെ മനസ്സിൽ എക്കാലവും ജീവിക്കുവാൻ അദ്ധ്യാപകർക്കു കഴിയുമെന്നും, ആനുകൂല്യങ്ങൾക്കുവേണ്ടി ശബ്ദം ഉയർത്തുന്നതോടൊപ്പം ഉത്തരവാദിത്വത്തെ കുറിച്ച് അദ്ധ്യാപകർ ആഴമായി ചിന്തിക്കണമെന്നും മെത്രാപ്പോലീത്താ പ്രസ്താവിച്ചു.

പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസ് സ്വാഗതവും, കെ. വി. തോമസ് കൃതജ്ഞതയും പറഞ്ഞു.

## പത്രാധിപർക്കുള്ള കത്തു്

2—ാം പേജിൽനിന്നും തുടർച്ച

...ററം എന്നതാണ് പ്രശ്നം. ...ത്തരുണത്തിൽ നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന പ്രഗത്ഭനായ ഗ്രീഗോറിയോസ് നാസിയാൻസ് (330–389) മെത്രാന്റെ സ്ഥലംമാററത്തിൽ കാനോനിക തടസ്സം വന്നുചേർന്നതായി ചരിത്രത്തിൽ കാണുന്നു. പ്രസ്തുത സംഭവം ഉദ്ധരിക്കുന്നു.

'In 379, the Nicene community in Constantinople, a see long in the hands of Arians and oppressed by numerous other heresies, invited Gregory to come there as bishop, and he accepted. When the second ecumenical council First Constantinople, opened therein May of 381, it recognised Gregory as legitimate bishop. But before the council was over the objections to his nomination on the grounds that it was *uncanonical* for a bishop to be transfered from one see to another, as indeed it was, were so great that Gregory simply resigned. He went back to Nazianz'

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന കാനോൻ ഏതു്? അതു് ഇന്നും നിലവിലുണ്ടോ? മലങ്കരസഭ അതു് അംഗീകരിച്ചിട്ടുണ്ടോ? ഇന്നത്തെ സാഹചര്യത്തിൽ ഈ കാനോനു് പ്രബലത ഉണ്ടോ? ഈ കാര്യങ്ങൾ സഭാനേതൃത്വം വിലയിരുത്തേണ്ടതാണു്.

ഇവിടെ ഒരു സംഗതി ഗൗനിക്കേണ്ടതുണ്ടു്. Ecumenical Council-ന്റെ തീരുമാനംപോലും കാനോനികതടസ്സം മൂലം നടപ്പായില്ല. മെത്രാൻ രാജി വച്ചു! സന്മനസ്സോടെ.

## പത്രാധിപർക്കുള്ള കത്തു്

### തലതിരിഞ്ഞ തലമുറയുടെ ഗദ്ഗദം

**ബിജു കോശി വാക്കയിൽ, ചെങ്ങന്നൂർ**

30-ാം ലക്കം ഹെറാൾഡിൽ ആരംഭിച്ച ടി. എ പാലമൂട് എഴുതിയ 'തലതിരിഞ്ഞ തലമുറയുടെ ഗദ്ഗദം, വായിച്ചു. വളരെ നന്നായിരുന്നു അഭിനന്ദനങ്ങൾ. ഇന്നു് ഉന്നതസ്ഥാനികളുടെ മക്കളാണ് അനിയന്ത്രിതരായി സമൂഹത്തിൽ കണ്ടുവരുന്നതു്. 'ഈ തലമുറയുടെ, ഗദ്ഗദമാണു് നമ്മുടെ ഇടയിൽ ഇന്നു് കേട്ടുകൊണ്ടിരിക്കുന്നതു്. സ്നേഹം എന്തെന്നറിയാതെ വളന്നു്, ഒരു ലക്ഷ്യസ്ഥാനത്തെത്തുമ്പോൾ അവർ തന്റെ മാതാപിതാക്കളോടു് പക മുഴുവൻ തീർക്കുന്നു. നമ്മുടെ കുട്ടികൾക്കു് ഇത്തരത്തിലുള്ള മാനസീകാവസ്ഥ ഉണ്ടാകാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കുക.

എഡിറേറാറിയൽ വളരെ ശ്രദ്ധേയമായിരുന്നു പ്രാർത്ഥനായോഗങ്ങളുടെ യഥാർത്ഥ മുഖമാണു് അതിൽ പ്രതിഫലിച്ചിരുന്നതു് ഇടയനില്ലാത്ത ആടുകൾപോലെ ഇന്നു് മിക്ക ഇടവകകളിലും നടന്നുവരുന്ന പ്രാർത്ഥനായോഗങ്ങൾ വഴിതെററാനാണു് സാദ്ധ്യത. വലിയ ഇടവകകളിലാണെങ്കിലും വൈദികരേക്കൂടി ഉൾപ്പെടുത്തിവേണം പ്രാത്ഥനായോഗങ്ങൾ മുന്നോട്ടു കൊണ്ടു പോകേണ്ടതു്.

ഓർത്തഡോക്സ് ഹെറാൾഡിന്റെ 8-ാം പിറന്നാൾ ആഘോഷത്തിൽ എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

## അടുത്തലക്കം മുതൽ പ്രസിദ്ധീകരണം ആരംഭിക്കുന്നു

## ഒരു സുപ്രഭാതം കൂടി

**അന്തിനാട് ജോസ് എഴുതിയ വികാരസാന്ദ്രമായ നോവൽ**

അപവാദത്തിന്റെ കൂരമ്പുകൾക്കിടയിൽ സേവനത്തിന്റെ കൈത്തിരിയുമായി നിന്ന ഫാ. പോൾ. ത്യാഗത്തിന്റെ, സ്നേഹത്തിന്റെ, ആത്മാർത്ഥതയുടെ കേദാരമായിരുന്നിട്ടും, സംശയത്തിന്റെ തീച്ചൂളയിൽ ഉരുകിയ ഡെയ്സി എന്ന യുവതി. അർഹതയില്ലാത്തതു് ലഭിച്ചപ്പോൾ അതിനെ സംശയത്തോടെ വീക്ഷിക്കുന്ന ഭർത്താവ്.

മാനസികസംഘർഷത്തിൽപെട്ടുഴലുന്ന കഥാപാത്രങ്ങളുടെ മനസ്സിന്റെ താളംതെററലുകൾ ഗ്രാമപശ്ചാത്തലത്തിൽ ഇവിടെ അനാവരണം ചെയ്യുന്നു.

## ഇവരെ പരിചയപ്പെടുക......

3—ാം പേജിൽനിന്നും തുടർച്ച

ചിറകടിച്ചുയരും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.' ജോസേഫിന്റെ ജീവിതം വെളിപ്പെടുത്തിത്തരുന്നതു് ഈ സത്യം അത്രേ.

ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ളതുപോലെ വാഗ്ദത്തനാട്ടിലേയ്ക്കു് ഏവരെയും കൊണ്ടുപോകുമെന്നും, അങ്ങിനെ പോകുമ്പോൾ തന്റെ അസ്ഥികളുടെ കൊണ്ടുപോകാൻ വിസ്മരിക്കരുതെന്നും, മരിക്കുന്നതിനു മുമ്പ് അവൻ ആവശ്യപ്പെട്ടിരുന്നു. 110-ാമത്തെ വയസ്സിൽ മരിച്ച ജോസഫിന്റെ മൃതശരീരം 'എംബ്ബാം' ചെയ്തു് ഒരു ശവപ്പെട്ടിയിൽ സൂക്ഷിച്ചു. 430 വർഷത്തിനുശേഷം മോശയുടെ നേതൃത്വത്തിൽ ആറു ലക്ഷം പുരുഷന്മാരും അവരുടെ കുടുംബാംഗങ്ങളും ഈജിപ്റ്റിൽ നിന്നു് വാഗ്ദത്തനാട്ടിലേയ്ക്കു് പുറപ്പെട്ടപ്പോൾ ജോസേഫിന്റെ അസ്ഥികളും അവർ എടുത്തുകൊണ്ടു പോകാൻ വിസ്മരിച്ചില്ല. (പുറ. 14:20)

ഉല്പത്തി 49




Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P O. Kottayam-2 Office Address: Malankara Orthodox Herald Devalokam, Kottayam-686 038